# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 405 – 29/05/2019 - ലെ മറുപടിക്ക്

## സംസ്ഥാനവിഹിതം നൽകാത്തതിനാൽ നഷ്ടപ്പെട്ടിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

ചോദ്യം | ഉത്തരം

ശ്രീ.മഞ്ഞളാംകുഴി അലി

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യഥാസമയം സംസ്ഥാന വിഹിതം നൽകാത്തതിനാൽ ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള തുകയാണ് നഷ്ടപ്പെട്ടിട്ടുള്ളത്; ഓരോ സാമ്പത്തിക വർഷവും ഇത്തരത്തിൽ എത്ര തുക നഷ്ടപ്പെട്ടിട്ടുണ്ട്; പദ്ധതികൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്രവിഹിതം ലഭ്യമാകുന്ന മുറയ്ക്ക് ആനുപാതികമായ സംസ്ഥാന വിഹിതവും ചേർത്ത് ഫണ്ട് നിർവ്വഹണ ഏജൻസിക്കോ / വകുപ്പിനോ അനുവദിക്കുകയാണ് ചെയ്യുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം യഥാസമയം നൽകാത്തതിനാൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള തുക നഷ്ടപ്പെടുന്ന സാഹചര്യമോ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്രം തുക അനുവദിക്കാതിരിക്കുകയോ വെട്ടിക്കുറയ്ക്കുകയോ ചെയ്യുന്ന സാഹചര്യമോ ഉണ്ടായിട്ടില്ല. പട്ടികവിഭാഗങ്ങൾക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് നൽകേണ്ട സംസ്ഥാന വിഹിതം യഥാസമയം നൽകുന്നതിൽ ധനവകുപ്പിൽ നിന്ന് വീഴ്ച വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പട്ടികവിഭാഗങ്ങൾക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് നൽകേണ്ട സംസ്ഥാന വിഹിതം യഥാസമയം നൽകുന്നതിൽ ധനവകുപ്പ് എന്തെങ്കിലും തരത്തിലുള്ള വീഴ്ചകൾ വരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | |
| (സി) | സംസ്ഥാനവിഹിതം നൽകുന്നതിൽ ഉണ്ടായിട്ടുള്ള അലംഭാവമോ കാലതാമസമോ കാരണം ഏതെങ്കിലും കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് തുക അനുവദിക്കാതിരിക്കുകയോ വെട്ടിക്കുറയ്ക്കുകയോ ചെയ്യുന്ന തരത്തിലുള്ള എന്തെങ്കിലും നടപടികൾ കേന്ദ്രം സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | |

സെക്ഷൻ ഓഫീസർ